**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5559** **24-03-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആഴ്ചയിൽ ഒരു ദിവസം നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിൽ ഒരു മെഡിക്കൽ ഓഫീസർ മാത്രമാണ് ഉള്ളത്. ടി ആശുപത്രിയിൽ ആഴ്ചയിൽ 2 ദിവസം ഒ പി , മറ്റ് ദിവസങ്ങളിൽ ഡയാലിസിസ്, സർജറി എന്നീ സേവനങ്ങൾക്ക് പ്രസ്തുത ഡോക്ടർമാരുടെ സേവനം മാത്രമാണ് നിലവിൽ ലഭിക്കുന്നത്. ആർദ്രം മാനദണ്ഡ പ്രകാരമുള്ള നടപടികളാണ് ആശുപത്രികളിൽ നടപ്പിലാക്കി വരുന്നത്. ഇത് പ്രകാരം ജില്ലാ /ജനറൽ ആശുപത്രികളിൽ മാത്രമാണ് നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. മാനദണ്ഡ പ്രകാരം താലൂക്ക് ആശുപത്രിയായി പരിഗണിക്കുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒരു നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ ബുദ്ധിമുട്ടായിരിക്കും |

സെക്ഷൻ ഓഫീസർ